## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1645 12.06.2019-ൽ മറുപടിയ്ക്ക്

## തദ്ദേശസ്വയംഭരണ റോഡുകളുടെ ഗുണനിലവാരം

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ | | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ചെയ്യുന്ന റോഡ് പ്രവൃത്തികളുടെ ഗുണനിലവാരത്തിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ ; | (എ) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഒഴിഞ്ഞു കിടന്നിരുന്ന തസ്തികകളിലെ ഒഴിവുകൾ നികത്തിയിട്ടുണ്ട്. കൂടാതെ ക്ലസ്റ്റർ പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ 195 തസ്തികകൾ കൂടി പുതുതായി സൃഷ്ടിച്ചു. ആയത് മുഖാന്തിരം പ്രവൃത്തികളുടെ മേൽനോട്ടം കാര്യക്ഷമമായി നടത്തുവാനും ഇതുവഴി പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും സാധിച്ചിട്ടുണ്ട്. |
| (ബി) | കുറ്റമറ്റ രീതിയിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുവാനും റോഡ് നിർമ്മാണം ഉൾപ്പെടെ റോഡുകളുടെ അറ്റകുറ്റപണികൾ ഉറപ്പ് വരുത്തുവാനും നടപടികൾ ഉണ്ടാകുമോ ? | (ബി) | കുറ്റമറ്റ രീതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി ജില്ലാ പഞ്ചായത്തുകളിലെ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ 3.00 ലക്ഷത്തോളം രൂപ ചെലവഴിച്ച് ക്വാളിറ്റി കൺട്രോൾ ലാബ് ഫെസിലിറ്റി ആരംഭിച്ചിട്ടുള്ളതാണ്. ഇതുവഴി നിർമ്മാണ പ്രവർത്തനങ്ങൾക്കുപയോഗിക്കുന്ന സാധനസാമഗ്രികളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ